LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭവനശ്രീ വായ്പാ ഇനത്തിൽ ദേശസാൽകൃത ബാങ്കുകളിലെ 30-6-2010 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയാണ് സർക്കാർ ഏറ്റെടുത്തത്. ഭവനശ്രീ വായ്പാ ഇനത്തിൽ സഹകരണ ബാങ്കുകളിലെ 30-6-2013 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇത്തരം പരാതികൾക്ക് പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർമ്മിതികേന്ദ്ര പുനരുദ്ധാരണം

190 (4181) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. പുനരുദ്ധരിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി) ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതും ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചുവരുന്നു.

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുക.

2. ആവശ്യക്കാർക്ക് ചെലവ് കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നൽകുക.

3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് പതിനഞ്ച് ശതമാനം സൗജന്യനിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുക.

5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ, കട്ടിളകൾ എന്നിവ നൽകുക.

6. തൊഴിൽരഹിതരമായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.

7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള ലാബിഷാസ് എന്ന സ്ഥാപനം വഴി എഞ്ചിനീയർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുക.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

(ഡി) 1. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

2. സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ പത്ത് കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഏഴ് സ്ഥലങ്ങളിലും ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ പത്ത് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അഞ്ച് കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു.

5. പതിമൂന്ന് റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പി. യിലെ ഹെഡ് ഓഫീസ് വഴിയും യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം

191 (T*4182) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതകേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ഏതെല്ലാം ഭവന പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും, ഓരോ പദ്ധതിയുടെയും സവിശേഷതകളും വ്യക്തമാക്കുമോ;

(സി) ഭൂരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കുമാത്രമായി ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും, സംസ്ഥാനത്തു നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗത്തിന് മാത്രമായി പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ വകുപ്പിൽ നിലവിലില്ല. സ്വന്തമായി ഭൂമി ലഭ്യമായുള്ളവർക്ക് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly